# Malyala manorma

# 31 August 2018

# Kochi; After Flood , Disease, Rat Fever

## ആരോഗ്യരംഗം: സർക്കാർ, സ്വകാര്യ സംവിധാനങ്ങൾ ഒരുമിക്കുന്നു

### ■ നടപടി പ്രളയത്തിനു ശേഷമുള്ള എലിപ്പനി ഭീഷണിയെത്തുടർന്ന്

കൊച്ചി ● പ്രളയ ശേഷം ഉണ്ടായേക്കാവുന്ന പകർച്ചവ്യാധിഭീഷണി നേരിടുന്നതിനുള്ള പ്രവർത്തനങ്ങളിൽ സ്വകാര്യ ആശുപത്രികളും സർക്കാർ സംവിധാനവും കൈകോർക്കുന്നു.

പ്രളയത്തിനു ശേഷം പറവൂർ ഗോതുരുത്ത് സ്വദേശി സതി എലിപ്പനി ബാധിച്ചു മരിക്കുകയും പ്രളയമേഖലയിൽ ഒരു ദിവസം മാത്രം 11 എലിപ്പനിരോഗ ലക്ഷണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുകയും ചെയ്തതോടെയാണ് ആരോഗ്യ രംഗത്തെ സംയുക്ത പ്രവർത്തനം.

ആരോഗ്യ വകുപ്പിന്റെയും ഐഎംഎയുടെയും സംയുക്താഭിമുഖ്യത്തിൽ കൊച്ചി ഐഎംഎ ഹൗസിൽ വച്ച് ജില്ലയിലെ സ്വകാര്യ ആശുപത്രിയിലെ ഫിസിഷ്യന്മാർക്കായി എലിപ്പനിയുടെ ചികിത്സാമാർഗരേഖയെക്കുറിച്ചും പ്രതിരോധ മാർഗങ്ങളെക്കുറിച്ചും ഇന്നലെ സെമിനാർ സംഘടിപ്പിച്ചു.

ശരീരവേദനയോടു കൂടിയുള്ള പനിയും മറ്റു ലക്ഷണങ്ങളും കണ്ടെത്തിയാൽ ആരോഗ്യ വകുപ്പിനെ അറിയിക്കാൻ നിർദേശം നൽകിയിട്ടുണ്ട്.

ഏക ഡോക്ടർ ക്ലിനിക്കുകളും സ്വകാര്യ ആശുപത്രികളും ഈ പ്രവർത്തനങ്ങളുമായി സഹകരിക്കണമെന്നും ആരോഗ്യ വകുപ്പ് അധികൃതർ സെമിനാറിൽ ആവശ്യപ്പെട്ടു.

ജില്ലാ മെഡിക്കൽ ഓഫിസർ ഡോ. എൻ.കെ. കുട്ടപ്പൻ, ഐഎംഎ കൊച്ചി പ്രസിഡന്റ് ഡോ. വർഗീസ്, ദേശീയ ആരോഗ്യ ദൗത്യം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. മാത്യൂസ് നുമ്പേലി, ഐഎംഎ ജില്ലാ ടാസ്ക് ഫോഴ്സ് ചെയർമാൻ ഡോ. ദിനേശ്, അഡീഷനൽ ഡിഎംഒ ഡോ. എസ്. ശ്രീദേവി എന്നിവർ പ്രസംഗിച്ചു.

ലോകാരോഗ്യ സംഘടന കൺസൽട്ടന്റ് ഡോ. ഷിബു, രാജഗിരി ആശുപത്രിയിലെ ഡോ. സണ്ണി ഒരോത്തൽ എന്നിവർ സെമിനാർ നയിച്ചു.

പ്രളയബാധിത പ്രദേശങ്ങളിലുള്ള പകർച്ചവ്യാധികളെ സംബന്ധിച്ചുള്ള ആരോഗ്യപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് സ്റ്റേറ്റ് പീഡ് സെല്ലിന്റെ നേതൃത്വത്തിൽ (പ്രിവൻഷൻ ഓഫ് എപിഡെമിക്സ് ആൻഡ് ഇൻഫെക്ഷ്യസ് ഡിസീസ് സെൽ) നിരീക്ഷണ സംവിധാനം (ലിങ്ക് ഇതാണ് https://ee.kobotoolbox.org/x/#ytLSbhD8 ) ഒരുക്കിയിട്ടുണ്ട്.

ഈ ഓൺലൈൻ ടൂൾ കിറ്റ് വഴി ആരോഗ്യ പ്രവർത്തകർ സ്മാർട് ഫോണോ കംപ്യൂട്ടറോ ടാബോ ഉപയോഗിച്ച് രോഗവിവരങ്ങൾ രേഖപ്പെടുത്തണമെന്നും നിർദേശിച്ചു.

സ്വകാര്യ ആശുപത്രികൾ ഉൾപ്പെടെ ഈ കിറ്റ് ഉപയോഗിക്കണമെന്നാണ് നിർദേശം. രോഗിയുടെ പേരുവിവരങ്ങളും അവസാനമായി ഏത് ക്യാംപിലായിരുന്നു എന്നതും ഇതിൽ രേഖപ്പെടുത്തണം.



